Mathrubhumi
മാതൃഭൂമി

# എനർജി മാനേജ്മെന്റ് സെന്ററിൽ കാർബൺ ക്രെഡിറ്റ് ഫെസിലിറ്റേഷൻ കേന്ദ്രം



ഊർജസംരക്ഷണം ജീവസംരക്ഷണം എന്ന ഇ-പുസ്തകത്തിന്റെ പ്രകാശനം കടകംപള്ളി സുരേന്ദ്രൻ എംഎൽഎ നിർവഹിക്കുന്നു

**തിരുവനന്തപുരം** ▸ എനർജി മാനേജ്മെന്റ് സെന്ററിൽ കാർബൺ ക്രെഡിറ്റ് ഫെസിലിറ്റേഷൻ കേന്ദ്രം ആരംഭിക്കും. കാർബൺ ന്യൂട്രാലിറ്റി പ്രോജക്ടുകൾ നടപ്പാക്കുന്ന സ്ഥാപനങ്ങൾക്ക് കാർബൺ ക്രെഡിറ്റ് നേടുന്നതിനുള്ള സഹായം നൽകുകയാണ് ലക്ഷ്യം. ഡി മിസ്റ്റിഫൈയിങ് കാർബൺ ക്രെഡിറ്റ് ശില്പശാലയുടെ ഉദ്ഘാടനം ഓൺലൈനായി മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. ഊർജവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ മുഖ്യപ്രഭാഷണം നടത്തി. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷനായി. ഇഎംസി ഡയറക്ടർ ആർ. ഹരികുമാർ പദ്ധതി വിശദീകരിച്ചു.